(ഡി) 31.34 കോടി രൂപ

(ഇ) 110 കോടി രൂപ

(എഫ്) പദ്ധതി ഘടകങ്ങളുടെ ടെണ്ടറുകളിൽ ഉയർന്ന തുക കാട്ടു ചെയ്യുന്നതും ഷെഡ്യൂൾഡ് നിരക്കുകളുടെ വർദ്ധനവും കാരണം പദ്ധതികൾക്ക് അധികച്ചെലവ് വേണ്ടിവരാറുണ്ട്. എന്നാൽ പദ്ധതികൾ വിവിധ ഘട്ടങ്ങളി ലായതിനാൽ ഇത് എത്രയെന്ന് കണക്കാക്കപ്പെട്ടിട്ടില്ല.

കെ.എസ്.ആർ.ടി.സി. യാത്രക്കാർക്കായി ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ

13 (*223) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രതിദിനം ശരാശരി എത്ര ലക്ഷം യാത്രക്കാർ കെ.എസ്.ആർ. ടി.സി.-യെ ആശ്രയിക്കുന്നുണ്ട് ;

(ബി) സംസ്ഥാനത്ത് എത്ര ലക്ഷം വിദ്യാർത്ഥികൾക്ക് കൺസഷൻ ആനുകൂല്യം നൽകുന്നുണ്ട് ;

(സി) കെ.എസ്.ആർ.ടി.സി. യാത്രക്കാർക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(ഡി) പലയിടങ്ങളിലും ഇപ്പോഴുള്ള സൗകര്യങ്ങൾ അപര്യാപ്തമാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതു പരിഹരിക്കുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് തുടങ്ങിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) :

(എ) പ്രതിദിനം 34 ലക്ഷം മുതൽ 36 ലക്ഷം വരെ യാത്രക്കാർ കെ.എസ്.ആർ.ടി.സി.-യെ ആശ്രയിക്കുന്നുണ്ട്.

(ബി) 2009-10-ലെ കണക്കനുസരിച്ച് 1.63 ലക്ഷം വിദ്യാർത്ഥികൾക്ക് കൺസഷൻ ആനുകൂല്യം നൽകുന്നുണ്ട്.

(സി&ഡി) യാത്രക്കാർക്കായി ചുവടെ പറയുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് :

1. 2651 പുതിയ ബസ് നിരത്തിലിറക്കി. 1188 പുതിയ ഷെഡ്യൂളുകൾ ആരംഭിച്ചു

2. 2006-ന് ശേഷം ആദ്യം നിരത്തിലിറക്കിയ 1000 ബസ്സിൽ 20 എ.സി. എയർബസ്, 30 സൂപ്പർ ഡീലക്സ്, 3 വോൾവോ എന്നിവ ഉൾപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

3. അന്തർ സംസ്ഥാന യാത്രക്കാരുടെ സൗകര്യാർത്ഥം തമിഴ്നാട്, കർണ്ണാടക സർക്കാരുകളുമായി പുതിയ ഉപകരാറുകൾ ഉണ്ടാക്കാൻ കഴിഞ്ഞതു വഴി ഇരുസംസ്ഥാനങ്ങളിലേക്കും കൂടുതൽ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്

4. ദീർഘദൂര സർവ്വീസിന് ഉപയോഗിച്ചിരുന്ന പഴയ ബസുകൾ മാറ്റി പുഷ്ബാക്ക് സംവിധാനമുള്ള പുതിയ ബസുകൾ നൽകുകയുണ്ടായി

5. ദീർഘദൂര യാത്രക്കാരുടെ സൗകര്യാർത്ഥം ഓൺലൈൻ റിസർവേഷൻ സംവിധാനം ചെയ്തുകഴിഞ്ഞിട്ടുണ്ട്.

6. കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസുകളിൽ ഏർപ്പെടുത്തിയിട്ടുള്ള ഇലക്ട്രോണിക് ടിക്കറ്റിംഗ് സംവിധാനം കണ്ടക്ടറുടെ ജോലി എളുപ്പമാക്കുന്ന തോടൊപ്പം യാത്രക്കാർക്ക് ഏറെ പ്രയോജനപ്രദവുമാണ്

7. യാത്രക്കാരുടെ സൗകര്യം കണക്കിലെടുത്ത് പ്രധാനപ്പെട്ട ബസ്സ്റ്റേഷനുകളിൽ അത്യാധുനിക സജ്ജീകരണങ്ങളോടുകൂടിയ ബസ് സ്റ്റേഷനുകൾ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്

8. ജവഹർലാൽ നെഹ്റു നഗരനവീകരണ മിഷൻ (JNNURM) പദ്ധതി പ്രകാരമുള്ള എ.സി, നോൺ എ.സി. സർവ്വീസുകൾ തിരുവനന്തപുരത്തും, കൊച്ചിയിലും ആരംഭിച്ചു

9. എറണാകുളം നഗരത്തിൽ 50 തിരു-കൊച്ചി സർവ്വീസുകൾ ആരംഭിച്ചു

10. തിരുവനന്തപുരം സിറ്റിയിൽ കൂടുതൽ സർവ്വീസുകൾ ആരംഭിക്കുകയും സമാന്തര സർവ്വീസുകളെ നിയന്ത്രിക്കുകയും ചെയ്തു

11. നിലവിലുള്ള ഷെഡ്യൂളുകളുടെ പുനഃക്രമീകരണം വഴിയും, ജനപ്രിയ മലബാർ സർവ്വീസുകളും സംസ്ഥാനത്തുടനീളം ചെയിൻ സർവ്വീസുകളും ആരംഭിച്ചതുവഴിയും ജനങ്ങളുടെ യാത്രാക്ലേശം പരമാവധി കുറക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്

12. സർവ്വീസ് നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെ തലശ്ശേരി സബ് ഡിപ്പോയും, പിറവം, ആര്യങ്കാവ് ഓപ്പറേറ്റിംഗ് സെന്ററുകളും ആരംഭിച്ചു

13. കാഞ്ഞങ്ങാട് പുതിയ ബസ് സ്റ്റേഷൻ തുടങ്ങുന്നതിനുള്ള ശിലാസ്ഥാപനവും നടത്തി ഇരിട്ടി, റാന്നി, തിരുവമ്പാടി എന്നിവിടങ്ങളിൽ ഓപ്പറേറ്റിംഗ് സെന്ററുകൾ ആരംഭിക്കുന്ന കാര്യം സജീവ പരിഗണനയിലാണ്

14. അങ്കമാലിയിലെ ആധുനിക സൗകര്യമുള്ള അന്തർദേശീയ നിലവാരമുള്ള ബസ് ടെർമിനൽ 19-1-2011-ന് ഉദ്ഘാടനം ചെയ്യുകയും കിളിമാനൂരും പുനലൂരും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു

15. അടൂർ, വടകര, കരുനാഗപ്പള്ളി, പത്തനാപുരം, പാലക്കാട്, പുതുക്കാട്, നിലമ്പൂർ എന്നീ സ്ഥലങ്ങളിൽ ആധുനിക ബസ് സ്റ്റേഷൻ ബസ് സ്റ്റേഷനുകളിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടിരിക്കുകയാണ്

LIBRARY ARCHIVES Kerala Legislative Assembly

16. ചാലക്കുടി, പന്തളം എന്നിവിടങ്ങളിൽ ഗാരേജ് നിർമ്മിച്ചു

17. നെടുമങ്ങാട് ആരംഭിക്കുന്ന ആധുനിക ബസ് ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനത്തിന് 16-2-2011-ൽ തുടക്കം കുറിച്ചു

18. ഈഞ്ചയ്ക്കൽ അന്തർ സംസ്ഥാന ബസ് ടെർമിനലിന്റെ പണി ആരംഭിക്കുവാൻ അനുമതിയായി.

ക്യാൻസർ സുരക്ഷാ പദ്ധതി

14 (*224) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടികൾക്കായി ആവിഷ്കരിച്ച ക്യാൻസർ സുരക്ഷാ പദ്ധതിയുടെ വിശദാംശം നൽകുമോ ;

(ബി) ഇതിനകം എത്ര കുട്ടികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചു ; ചികിത്സയ്ക്കായി എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) കുട്ടികളിൽ ക്യാൻസർരോഗം വർദ്ധിച്ചുവരുന്നതിന്റെ കാരണം പഠനവിധേയമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഡി) ക്യാൻസർ സുരക്ഷാപദ്ധതി കൂടുതൽ പേർക്ക് പ്രയോജനപ്പെടുംവിധം വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) സംസ്ഥാനത്തുള്ള 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സൗജന്യമായി ക്യാൻസർ ചികിത്സ ലഭ്യമാക്കുന്ന പദ്ധതിയാണ് ക്യാൻസർ സുരക്ഷാ പദ്ധതി. ക്യാൻസർ രോഗത്തിന് ചികിത്സയിലായിരിക്കുന്ന എല്ലാ കുട്ടികൾക്കും കുടുംബ വരുമാനം മാനദണ്ഡമാക്കാതെ ക്യാൻസർ സുരക്ഷാ പദ്ധതിയുടെ ആനുകൂല്യം നൽകിവരുന്നു. ആർ.സി.സി., തിരുവനന്തപുരം, മലബാർ ക്യാൻസർ സെന്റർ തലശ്ശേരി, എസ്.എ.റ്റി, തിരുവനന്തപുരം, ജനറൽ ആശുപത്രി എറണാകുളം, ഐ.എംസി.എച്ച്. കോഴിക്കോട്, ഐ.എം.സി.എച്ച്. കോട്ടയം, പരിയാരം മെഡിക്കൽ കോളേജ്, എല്ലാ ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ തുടങ്ങിയ ആശുപത്രികളിൽ ഈ പദ്ധതി പ്രകാരം സൗജന്യ ചികിത്സ നൽകിവരുന്നു.

(ബി) ഈ പദ്ധതി പ്രകാരം 2011 ജനുവരി 15 വരെ 1655 കുട്ടികൾക്ക് 61012717.80 രൂപയുടെ സൗജന്യ ചികിത്സ നൽകിയിട്ടുണ്ട്.

(സി) കുട്ടികളിൽ ക്യാൻസർ രോഗം വർദ്ധിച്ചുവരുന്നു എന്നതു മാത്രമായി പ്രത്യേക പഠനം നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly